**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 328** **27-01-2026 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എക്സൈസ് വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ എത്ര കരാർ, ദിവസ വേതന ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് സ്ഥാപനം തിരിച്ച് വിശദമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എക്സൈസ് വകുപ്പിൽ വിമുക്തി മിഷനുമായി ബന്ധപ്പെട്ട ജീവനക്കാർ ഒഴികെ 488 ജീവനക്കാരെ കരാർ, ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.<br><br>ഇത് കൂടാതെ സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്ററിലെ കരാർ, ദിവസവേതന ജീവനക്കാരുടെ നിയമനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| തസ്തിക | നിയമനം സംബന്ധിച്ച വിവരം |
|---|---|
| വനിത കെയർ ടേക്കർ | 10 വനിത കെയർ ടേക്കർമാരെ 18 തവണകളായി ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| പമ്പ് ഓപ്പറേറ്റർ | ഒരു പമ്പ് ഓപ്പറേറ്ററെ ഒരു തവണ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| ഓഫീസ് അറ്റന്റർ | ഒരു ഓഫീസ് അറ്റന്ററെ ഒരു തവണ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |
| ഇലക്ട്രീഷ്യൻ | 8 ഇലക്ട്രീഷ്യൻമാരെ 179 ദിവസത്തെ ഓരോ തവണകളായി ദിവസ വേതന അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിട്ടുണ്ട്. |
| സബ്ബ് എഞ്ചിനീയർ | 3 സബ്ബ് എഞ്ചിനീയർമാരെ 11 മാസത്തെ കരാറടിസ്ഥാനത്തിൽ ഓരോ തവണകളായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിട്ടുണ്ട്. |
| ബാർബർ | രണ്ട് ബാർബറെ (ഒരു സാമ്പത്തിക വർഷം ഒരാളെ) ഒരു വർഷത്തെ |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td></td><td>കരാറടിസ്ഥാനത്തിൽ 10 തവണകളായി നിയമിച്ചിട്ടുണ്ട്.</td></tr>
<tr><td>കാഷ്വൽ സ്വീപ്പർ</td><td>8 കാഷ്വൽ സ്വീപ്പർമാരെ (ഒരു സമ്പത്തിക വർഷം 5 പേരെ) 179 ദിവസത്തേക്ക്, 8 തവണകളായി ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.</td></tr>
<tr><td>കുക്ക്</td><td>കുക്ക് തസ്തികയിൽ 14 ദിവസ വീതം 245 തവണകളായി 9 പേരേയും, 89 ദിവസത്തേക്ക് 6 പേരെ 12 തവണകളായും ഡയറക്ടർ നിയമിച്ചിട്ടുള്ളതാണ് കൂടാതെ 89 ദിവസത്തേക്ക കുടുംബശ്രീ മുഖാന്തിരം 2 പേരെ ഒര തവണയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസത്തേക്ക് 7 പേരെ 7 തവണകളായും എക്സൈസ അക്കാദമിയിൽ നിയമിച്ചിട്ടുള്ളതാണ്.</td></tr>
</table>
വിമുക്തി മിഷന്റെ കീഴിൽ 25.09.2018 ലെ സ.ഉ (കൈ)നം.70/2018 നി.വ ഉത്തരവ് പ്രകാരം 14 ജില്ലകളിൽ 14 ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളതാണ്. ഓരോ ജില്ലയിലെ വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകളിൽ മെഡിക്കൽ ഓഫീസർ -1, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്-1, സൈക്യാട്രിക്ക് സോഷ്യൽ വർക്കർ-1, സ്റ്റാഫ് നേഴ്സ്-3, സെക്യൂരിറ്റി സ്റ്റാഫ് -3, ക്ലീനിംഗ് സ്റ്റാഫ് -1 എന്നിങ്ങനെ 14 ജില്ലകളിലായി ആകെ 140 തസ്തികകളിൽ കരാർ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത്. കൂടാതെ 14 ജില്ലാ കോ-ഓർഡിനേറ്റർമാർ, 6 മേഖലാ കൗൺസിലർമാർ എന്നിവരെയും കരാർ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്.
</td>
</tr>
<tr>
<td>(ബി)</td>
<td>മേൽപ്പറഞ്ഞവരിൽ എത്ര പേരെ നാളിതുവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;</td>
<td>(ബി)</td>
<td>ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.</td>
</tr>
<tr>
<td>(സി)</td>
<td>കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നിലവിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?</td>
<td>(സി)</td>
<td>പരിഗണനയിൽ ഇല്ല.</td>
</tr>
</table>

സെക്ഷൻ ഓഫീസർ